**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 473** **23-02-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിക്കായി അന്താരാഷ്ട്ര ഏജൻസികളിൽ നിന്നും വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സിൽവർ ലൈൻ പദ്ധതിക്കായി ധനസഹായം നൽകുവാൻ മുന്നോട്ടുവന്നിട്ടുള്ള അന്താരാഷ്ട്ര ഏജൻസികൾ ഓരോന്നും പദ്ധതിക്കായി വായ്പ അനുവദിക്കുമ്പോൾ തിരിച്ചടവിലും പദ്ധതി പ്രവർത്തനങ്ങളിലും നിർബന്ധമായും പാലിക്കേണ്ടി വരുന്ന നിബന്ധനകൾ സംബന്ധിച്ച് സംസ്ഥാന ധനകാര്യ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | സിൽവർലൈൻ പദ്ധതിയുടെ വിദേശ വായ്പയ്ക്കായുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. റെയിൽ മന്ത്രാലയം, നീതി ആയോഗ്, എക്സ്പെന്റിച്ചർ വകുപ്പ് എന്നിവയുടെ വായ്പാ ശുപാർശ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ ലഭ്യമായിട്ടുണ്ട്. അവരുടെ തുടർ പരിശോധനകൾക്ക് ശേഷം മാത്രമേ പദ്ധതി ഔദ്യോഗികമായി വിദേശ വായ്പാ ഏജൻസികൾക്ക് ലഭ്യമാക്കുകയുള്ളൂ. അതിനുശേഷം നടക്കുന്ന ഔദ്യോഗിക ചർച്ചകളിൽ കൂടിയായിരിക്കും നിബന്ധനകൾ രൂപപ്പെടുക. ഇപ്പോൾ പദ്ധതി വിശദാംശങ്ങൾ മാത്രമാണ് വിദേശ വായ്പാ ഏജൻസികളുമായി ചർച്ച ചെയ്യുകയും അവർ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തതിരിക്കുന്നത്. ആയതിനാൽ നിലവിൽ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനകൾ ഒന്നും നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത നിബന്ധനകൾ പ്രകാരം ധനവിനിയോഗം നടത്തേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ പൊതുതാത്പര്യത്തിനും പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തിനും വിരുദ്ധമാവില്ല എന്ന് ധനകാര്യ വകുപ്പ് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സിൽവർലൈൻ പദ്ധതിയുടെ വിദേശ വായ്പയ്ക്കായുള്ള അപേക്ഷ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. റെയിൽ മന്ത്രാലയം, നീതി ആയോഗ്, എക്സ്പെന്റിച്ചർ വകുപ്പ് എന്നിവയുടെ വായ്പാ ശുപാർശ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിൽ ലഭ്യമായിട്ടുണ്ട്. അവരുടെ തുടർ പരിശോധനകൾക്ക് ശേഷം മാത്രമേ പദ്ധതി ഔദ്യോഗികമായി വിദേശ വായ്പാ ഏജൻസികൾക്ക് ലഭ്യമാക്കുകയുള്ളൂ. അതിനുശേഷം നടക്കുന്ന ഔദ്യോഗിക ചർച്ചകളിൽ കൂടിയായിരിക്കും നിബന്ധനകൾ രൂപപ്പെടുക. ഇപ്പോൾ പദ്ധതി വിശദാംശങ്ങൾ മാത്രമാണ് വിദേശ വായ്പാ ഏജൻസികളുമായി ചർച്ച ചെയ്യുകയും അവർ താത്പര്യം പ്രകടിപ്പിക്കുകയും ചെയ്തതിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | ആയതിനാൽ നിലവിൽ സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് വിദേശ വായ്പ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധനകൾ ഒന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ